ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ): സർ, സ്പെഷ്യാലിറ്റി അഡ്മിനിസ്ട്രേറ്റീവ് കേഡർ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ചിറയിൻകീഴ് താലൂക്ക് ആശുപത്രിയിൽ ഡോക്ടർമാരുടെ തസ്തിക 23 ആയി ഉയർത്തിയതിൽ 15 പേർ മാത്രമേ ജോലിക്ക് ഹാജരായിട്ടുള്ളൂ എന്നുള്ളത് ബഹുമാനപ്പെട്ട ആനത്തലവട്ടം ആനന്ദൻ പറഞ്ഞത് വളരെ ശരിയാണ്. ഒരു ഡോക്ടറെ കൂടി നാഷണൽ റൂറൽ ഹെൽത്ത് മിഷന്റെ ഫണ്ടുപയോഗിച്ച് പോസ്റ്റ് ചെയ്തിട്ടുണ്ട്. അങ്ങനെ 16 പേരാണവിടെ ജോലി ചെയ്യുന്നത്. സൂപ്രണ്ട് അസുഖമായതിനാൽ ജോലിയിൽ പ്രവേശിച്ചിട്ടില്ല. മൂന്ന്പേർ കാഷ്വാലിറ്റിയിലും വന്ന് ജോയിൻ ചെയ്തിട്ടില്ല. സ്പെഷ്യാലിറ്റി കേഡറിൽ ഒഴിവുവരുന്ന തസ്തികകളിലേക്ക് നിയമനം നൽകുന്നതിന് ഇപ്പോൾ ജൂനിയർ ഡോക്ടർമാരിൽ നിന്ന് എം.ഡി. കഴിഞ്ഞവരുടെ ഓപ്ഷൻ വാങ്ങിയിട്ടുണ്ട്. 271 പേർക്ക് ഇന്ന് ഉത്തരവ് നൽകി വിവിധ ആശുപത്രികളിൽ പോസ്റ്റ് ചെയ്യുകയാണ്. കൂടാതെ പി.എസ്.സി.യിൽ നിന്ന് 100 പേരുടെ ഒരു ലിസ്റ്റ് ഞങ്ങൾക്ക് ലഭിക്കുന്നുണ്ട്. ഇന്നോ നാളെയോ അത് ലഭിക്കും. ലഭിച്ചുകഴിഞ്ഞാൽ ആ നൂറുപേരേയും പോസ്റ്റു ചെയ്യും. ഇത്തരമൊരു പരിതഃസ്ഥിതിയിൽ ജോയിൻ ചെയ്യേണ്ട സമയം കഴിഞ്ഞ് വീണ്ടും അനധികൃതമായി ലീവിൽ പ്രവേശിച്ചവരുടെ കാര്യത്തിൽ, മെഡിക്കൽ എത്തിക്സിനു വിരുദ്ധമായി അനധികൃതമായി ലീവിൽ പോയിട്ടുള്ള ഡോക്ടർമാരുടെ കാര്യത്തിൽ ശക്തമായ നടപടി എടുക്കാൻ ആരോഗ്യവകുപ്പ് തീരുമാനിച്ചിട്ടുണ്ട്. അത് ബഹുമാനപ്പെട്ട അംഗവും ശ്രദ്ധയിൽപ്പെടുത്തിയത് വളരെ ഉചിതമായിയെന്നാണ് എനിക്ക് പറയാനുള്ളത്.

(4) മമ്പറം പാലത്തിന്റെ അപകടാവസ്ഥ

ശ്രീ. പി. ജയരാജൻ: സർ, കണ്ണൂർ ജില്ലയിലെ സ്റ്റേറ്റ് ഹൈവേ 38 ആണ് ചൊവ്വ-കൂത്തുപ്പറമ്പ് റോഡ്. അതിലെ മമ്പറം പാലം 2005-ൽ തകർന്നതാണ്. നാഷണൽ ഹൈവേയിലെ മൊയ്തുപ്പാലം അപകടത്തിലായതിനെ തുടർന്ന് വാഹനങ്ങൾ വഴിതിരിച്ചുവിട്ടതിന്റെ ഫലമായാണ് മമ്പറം പാലം തകർന്നത്. അന്ന് പൊതുമരാമത്ത് വകുപ്പുമന്ത്രിയായിരുന്ന ശ്രീ. എം. കെ. മുനീറിന്റെ ആഭിമുഖ്യത്തിൽ രണ്ട് എം.എൽ.എ.മാർ, എടക്കാട് എം.എൽ.എ.യും കൂത്തുപ്പറമ്പ് എം.എൽ.എ.യുമടക്കം പങ്കെടുത്തുകൊണ്ട് പുതിയ പാലം നിർമ്മിക്കുമെന്ന് ഉറപ്പു നൽകിയിരുന്നു. പക്ഷേ അതിനുള്ള തുടർനടപടികളുണ്ടായില്ല. ഇപ്പോൾ 29 ലക്ഷം രൂപയുടെ ഭരണാനുമതി അപ്രോച്ച് റോഡിനുവേണ്ടി നൽകുകയുണ്ടായി. പക്ഷേ അതിന്റെ നടപടികൾ ത്വരിതപ്പെടുത്തിയിട്ടില്ല. ഇതിനെ നബാർഡ് സ്കീമിൽ ഉൾപ്പെടുത്താൻ വേണ്ടിയായിരുന്നു കൊടുത്തിരുന്നത്. പക്ഷേ അതിന്റെ അനുമതിയായിട്ടില്ല. ഇതു സംബന്ധിച്ച് ഇങ്ങനെയൊരു അനുമതി കിട്ടാൻപോകുന്നു എന്നു മനസ്സിലാക്കി അവിടെ ചില പ്രക്ഷോഭങ്ങളൊക്കെ

LIBRARY ARCHIVES Kerala Legislative Assembly

കോൺഗ്രസ്സിന്റെയും മറ്റും നേതൃത്വത്തിൽ നടത്തുകയുണ്ടായി. അടിയന്തരമായിട്ടും മമ്പറത്ത് പുതിയ പാലം നിർമ്മിക്കുന്നതിനാവശ്യമായിട്ടുള്ള തുക അനുവദിക്കണം എന്നുള്ളതാണ് എന്റെ സബ്മിഷൻ.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) : സർ, സ്റ്റേറ്റ് ഹൈവേ 38-ലുള്ള മമ്പറം പാലം 2006 ജനുവരി മുതൽ അപകടാവസ്ഥയിലാണ്. വാഹനഗതാഗതം നിർത്തിവച്ച് അറ്റകുറ്റപ്പണികൾ പൂർത്തിയാക്കി 2006 ഏപ്രിലിൽ പാലം ഗതാഗതത്തിനായി തുറന്നു കൊടുത്തെങ്കിലും പുതിയ പാലം പണിയണമെന്ന വിദഗ്ദ്ധ ഉപദേശം ലഭിച്ചതുകൊണ്ട് 8-7-2010-ലെ സർക്കാർ ഉത്തരവ് പ്രകാരം പാലം നിർമ്മാണത്തിന് നബാർഡിന്റെ ആർ.ഐ.ഡി.എഫ്.-16 സ്കീമിൽ ഉൾപ്പെടുത്തി ധനസഹായം ലഭ്യമാക്കുന്നതിന്റെ പ്രിൻസിപ്പൽ സാങ്ഷൻ നൽകുകയുണ്ടായി. പാലം പണിക്ക് 2010 ഷെഡ്യൂൾ പ്രകാരമുള്ള പുതുക്കിയ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിവരികയാണ്. പാലത്തിനുവേണ്ടി ഭൂമി ഏറ്റെടുക്കുന്നതിന് 19-2-2009-ലെ സർക്കാർ ഉത്തരവ് പ്രകാരം 29 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിക്കഴിഞ്ഞാൽ ടെണ്ടർ നടപടികൾ ആരംഭിക്കുന്നതാണ്. നബാർഡ് ധനസഹായം ലഭ്യമായില്ലെങ്കിൽ ബഡ്ജറ്റിൽ ഉൾപ്പെടുത്തി പണം ലഭ്യമാക്കുന്നതാണ്.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

(5) നന്ദാവനത്ത് വർക്കിംഗ് വിമൻസ് ഹോസ്റ്റൽ

ശ്രീ. വി. ശിവൻകുട്ടി : സർ, എസ്.സി./എസ്.ടി. വിഭാഗത്തിനുവേണ്ടി ഒരു വർക്കിംഗ് വിമൻസ് ഹോസ്റ്റൽ തലസ്ഥാന നഗരിയിൽ ഉടൻ ആരംഭിക്കണമെന്നുള്ളതാണ് എന്റെ സബ്മിഷൻ. പട്ടികജാതി വികസന ഡയറക്ടറേറ്റിനുവേണ്ടി ഈ സർക്കാർ പുതിയ കെട്ടിട നിർമ്മാണം പൂർത്തീകരിച്ച് അയ്യങ്കാളി ഭവനെന്ന് നാമകരണം ചെയ്യുന്നതിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. എന്റെ മണ്ഡലത്തിലെ കനകനഗറിലാണ് അതിന്റെ പ്രവർത്തനം നടന്നുകൊണ്ടിരിക്കുന്നത്. വിവിധ സർക്കാർ സ്ഥാപനങ്ങൾ, എസ്.സി./എസ്.ടി. വിഭാഗത്തിന്റെ ഏതാണ്ട് ഒരു ഡസനോളം വരുന്ന സർക്കാർ സ്ഥാപനങ്ങൾ ഇതിന്റെ കീഴിൽ പ്രവർത്തിച്ചുവരികയാണ്. അയ്യങ്കാളി ഭവന്റെ മുമ്പിൽ അയ്യങ്കാളിയുടെ സ്മരണ അനശ്വരമാക്കുന്നതിന് അദ്ദേഹത്തിന്റെ പ്രതിമ സ്ഥാപിക്കണമെന്ന ഒരു പൊതുആവശ്യം ഉയർന്നുവന്നിട്ടുണ്ട്. മുമ്പ് ഈ ഡയറക്ടറേറ്റ് പ്രവർത്തിച്ചിരുന്ന തിരുവനന്തപുരത്തെ നന്ദാവനത്തുള്ള സ്ഥലത്ത് 2002-ൽ മുൻ ഗവൺമെന്റ് ഒരു തറക്കല്ലിട്ടു. അത് ഇപ്പോൾ കാടുകയറി അനാഥമായി കിടക്കുന്ന ഒരു സ്ഥിതിവിശേഷമുണ്ട്. അങ്ങ് വന്നതിന് ശേഷമാണ് പുതിയ ഡയറക്ടറേറ്റ് അയ്യങ്കാളി ഭവൻ തുടങ്ങിയത്. ഇപ്പോൾ കാടുകയറി അനാഥമായി കിടക്കുന്ന നന്ദാവനത്തുള്ള സ്ഥലം പ്രയോജനപ്പെടുത്തുന്നതിന് വേണ്ടത് ചെയ്യണം. തലസ്ഥാനനഗരമായതുകൊണ്ടുതന്നെ കേന്ദ്ര ഗവൺമെന്റ് സ്ഥാപനങ്ങളിലും സംസ്ഥാന ഗവൺമെന്റ് സ്ഥാപനങ്ങളിലും

LIBRARY ARCHIVES Kerala Legislative Assembly